**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **20-01-2021 - ൽ മറുപടിയ്ക്ക്**

**പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സാമൂഹികനീതി വകുപ്പിൽ എത്ര പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഒഴിവുകൾ നിലവിൽ ഉണ്ട്; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സാമൂഹ്യ നീതി വകുപ്പിൽ 9 പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 8 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് സാമൂഹ്യ നീതി വകുപ്പിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പ്രൊമോഷൻ നൽകുന്നതിലേയ്ക്കായി നീക്കിവച്ചിരിയ്ക്കുന്നു. |
| (ബി) | സാമൂഹികനീതി വകുപ്പ് വിഭജനത്തിനു ശേഷം സാമൂഹിക നീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II-ന്റെ കേഡർ സ്റ്റെങ്ങ്ത് റേഷ്യോ ഉയർത്താനുള്ള നപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | സാമൂഹ്യ നീതി വകുപ്പ് വിഭജനത്തിനുശേഷം സാമൂഹ്യ നീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-IIന്റെ കേഡർ സ്റ്റെങ്ങ്ത് റേഷ്യോ ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ